
# തൊഴിലന്വേഷകർ മനോരമയ്ക്കെതിരെ

പ്രശാന്ത് പരമേശ്വർ

തൃശ്ശൂർ : എഴുന്നൂറോളം ഉദ്യോഗാർത്ഥികളുടെ തൊഴിൽ പ്രതീക്ഷകളെ തകിടം മറിച്ച മലയാള മനോരമയ്ക്കെതിരെ പ്രതിഷേധം ഉയരുന്നു.

മലയാളമനോരമ തൊഴിൽ വീഥിയിൽ സെപ്തം.5-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (CISF) എസ്.ഐ (എക്സിക്യൂട്ടീവ്) പോസ്റ്റിലേക്കുള്ള പരസ്യ പ്രഖ്യാപനത്തിൽ വരുത്തിയ തെറ്റാണ് മലയാളമനോരമയ്ക്ക് വിനയായത്. മറ്റു തൊഴിൽ പ്രസിദ്ധീകരണങ്ങളിൽനിന്നും വ്യത്യസ്തമായി മലയാളമനോരമ തൊഴിൽ വീഥിയിൽ പ്രസിദ്ധീകരിച്ചിരുന്നത് സി.ഐ.എസ്.എഫ്. കൊച്ചിയിലെ കലൂരിലെ ഡിവിഷണൽ ഓഫീസിലേക്ക് പോസ്റ്റൽ ഓർഡർ അയക്കേണ്ടിയിരുന്നത് ചെന്നൈ ഹെഡ് ഓഫീസിലേക്കായിരുന്നു. പോസ്റ്റൽ ഓർഡർ തെറ്റായി അയച്ച അപേക്ഷകളെല്ലാം നിരസിച്ചതായുള്ള വിവരം സെപ്തംബർ അവസാന വാരത്തോടെയാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിച്ചത്.

പോസ്റ്റൽ ഓർഡർ തിരികെ ലഭിച്ച അപേക്ഷകർ കലൂരിലെ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ തങ്ങൾ ഉത്തരവാദികളല്ല എന്ന സി.ഐ.എസ്.എഫ്. അധികൃതരുടെ


'GP Cond, CISF, Deshabhimani Junction P.O Kaloor, Cochin-17'

*മലയാള മനോരമ തൊഴിൽ വീഥിയിൽ തെറ്റായി പ്രസിദ്ധീകരിച്ച വിജ്ഞാപനം*

മറുപടിയാണ് ലഭിച്ചത്. ഭാഷാപത്രങ്ങളിൽ തങ്ങളുടെ പരസ്യത്തിൽ വരുന്ന തെറ്റുകൾക്ക് ഉത്തരവാദികൾ ഭാഷാപത്രങ്ങൾ തന്നെയാണെന്നും തങ്ങളുടെ പരസ്യം പ്രസിദ്ധീകരിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് 'എംപ്ലോയ്മെന്റ്' 'സമാചാർ' എന്നീ സർക്കാർ തൊഴിൽ പ്രസിദ്ധീകരണങ്ങളിൽ മാത്രമാണെന്നുമാണ് അന്വേഷകർക്ക് ലഭിച്ച മറുപടി. അഖിലേന്ത്യാതലത്തിൽ നടത്തുന്ന പരീക്ഷകളിൽ തങ്ങൾക്ക് ഇടപെടാനാവില്ല എന്നും അധികൃതർ പറഞ്ഞതായി ഉദ്യോഗാർത്ഥികൾ അറിയിച്ചു. അപേക്ഷകരിൽ പകുതിപേരുടേയും അപേക്ഷകൾ നിരസിക്കപ്പെടുകയാണുണ്ടായത് എന്ന് അധികൃതർ പറഞ്ഞതായി നിരസിക്കപ്പെട്ട അപേക്ഷാർത്ഥികളിൽ ചിലർ പറഞ്ഞു.

പത്രത്തിനുവേണ്ട അടിസ്ഥാനഗുണമായ 'വിശ്വാസ്യത' മനോരമ ഇത്തരം സന്ദർഭങ്ങളിൽ നഷ്ടപ്പെടുത്തുകയാണ്. ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന മലയാളപത്രത്തിന് 'വിശ്വാസ്യത' വാർത്തയിൽ മാത്രമല്ല, ലക്ഷക്കണക്കിന് പേർ കാത്തിരിക്കുന്ന തൊഴിൽ പരസ്യങ്ങളിലും വേണമെന്നുള്ളത് മനോരമയ്ക്ക് അറിയാഞ്ഞിട്ടല്ല. ക്രോസ് ചെക്കിംഗിന് മെനക്കെടാതെ അശ്രദ്ധയോടെ കൈകാര്യം ചെയ്യപ്പെടുമ്പോൾ തൊഴിൽ പരസ്യങ്ങൾ വായിക്കപ്പെടുന്ന ലക്ഷക്കണക്കിന് തൊഴിലന്വേഷകർ കബളിപ്പിക്കപ്പെടുകയാണ്. പത്രത്തിന് സംഭവിച്ച തെറ്റ് മനസ്സിലാക്കി ഖേദമോ, തിരുത്തോ, രേഖപ്പെടുത്തുക എന്നതാണ് പത്രധർമ്മം. എന്നാൽ മനോരമ തിരുത്തലിനു മുതിരാതെ ഒഴിഞ്ഞുമാറിനടക്കുന്ന 'മലയാളമനോരമ സ്റ്റൈൽ' തുടരുകയാണ്. അവർക്കു നേരിടാനുള്ളത് ലക്ഷക്കണക്കിന് അപേക്ഷകരുടെ തൊഴിലിനു വേണ്ടിയുള്ള അഭ്യർത്ഥനയാണ്, അവസരം നഷ്ടപ്പെട്ടതിന്റെ വേദനയാണ്.

പി.എസ്.സി. പരീക്ഷകൾ ഏറെക്കുറെ അവസാനിച്ച സാഹചര്യത്തിൽ തൊഴിലന്വേഷകർക്ക് കുറച്ചൊക്കെ ആശ്വാസം കിട്ടുന്നത് ഇത്തരം തൊഴിലവസരങ്ങളാണ്. അഖിലേന്ത്യാതലത്തിലുള്ള ഐ.എസ്.എഫ്. പരീക്ഷയ്ക്കുവേണ്ടിയുള്ള തയ്യാറെടുപ്പിൽ ഇങ്ങനെയുള്ള 'കരിശ്' മനോരമയുടെ രൂപത്തിൽ വരുമെന്നുള്ളത് ഉദ്യോഗാർത്ഥികൾ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. പോസ്റ്റൽ ഓർഡറും, ഫോട്ടോയും, രജിസ്റ്റർ ചെയ്ത് അയയ്ക്കുവാനായി ഇരുനൂറോളം രൂപയാണ് വേണ്ടിവന്നതെന്ന് ഉദ്യോഗാർത്ഥികൾ പറഞ്ഞു. പോസ്റ്റൽ ഓർഡർ തിരിച്ചുവന്നതാണ് അവർക്ക് കുറച്ചൊരു ആശ്വാസമായത്.